# പതിമൂന്നാം കേരള നിയമ സഭ
## ആറാം സമ്മേളനം

**<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 186</u>** **<u>10.12.2012 ന് മറുപടിയ്ക്ക്</u>**

**<u>വനഭൂമി കയ്യേറ്റം</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. സി. ദിവാകരൻ<br>,, കെ. രാജു<br>,, കെ. അജിത്<br>,, ചിറ്റയം ഗോപകുമാർ | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ വനഭൂമി എത്രയെന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്; | (എ) കേരളത്തിലെ വനഭൂമി 11309.4752 ച.കി മീറ്ററാണ്. |
| (ബി) വനം വകുപ്പിന്റെ അധീനതയിലുള്ള എത്ര ഹെക്ടർ ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) 1.1.1977 ന ശേഷം വനം വകുപ്പിന്റെ അധീനതയിലുള്ള 4464.5707 ഹെക്ടർ ഭൂമിയിൽ ഇപ്പോൾ കയ്യേറ്റം ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| സി) ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; എത്ര ഹെക്ടർ വനം ഒഴിപ്പിച്ചെടുത്തു; | (സി) വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. വനാതിർത്തി നിർണയിച്ച് സ്ഥിരം ജണ്ടകൾ കെട്ടിയും കയ്യാല സ്ഥാപിച്ചും വനഭൂമി സംരക്ഷിച്ചു വരുന്നു. കൂടാതെ റവന്യൂ പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കുവാനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിൽ കൈവരിച്ച പുരോഗതി അവലോകനം ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന തല കമ്മിറ്റിയും സർക്കിൾ കൺസർവേറ്റർമാരുടെ അദ്ധ്യക്ഷതയിൽ സർക്കിൾ തല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇതു വരെ 4800 ഓളം ഹെക്ടർ വനഭൂമിയിൽ നിന്നും കയ്യേറ്റം ഒഴിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) കയ്യേറ്റവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ ഇപ്പോൾ ഹൈക്കോടതിയിൽ നിലവിലുണ്ട്; ഇത്തരം കേസ്സുകളിൽ യഥാസമയം ഹാജരാകുന്നതിൽ വനം വകുപ്പധികൃതരിൽ നിന്നും വീഴ്ചയുണ്ടായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) കയ്യേറ്റവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ 54 കേസുകൾ നിലവിലുണ്ട്. ഇത്തരം കേസ്സുകളിൽ യഥാസമയം ഹാജരാകുന്നതിൽ വനം വകുപ്പധികൃതരിൽ നിന്നും വീഴ്ചയുണ്ടായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ